# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 17-10-2009 മുതൽ 23-10-2009 വരെ)

## 5,50,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

മലപ്പുറം പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 22-10-2009 തീയതി രാവിലെ 9.45 മണിയോടെ കോരങ്ങാടുള്ള ഡോക്ടർ ഉസ്മാന്റെ സഹോദരൻ ഷെരീഫ് നടത്തുന്ന മെഡിക്കൽ സ്റ്റോറിലും ലബോറട്ട റിയിലും നടത്തിയ റെയ്ഡിൽ 5,50,000/- രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. തുടർന്നുള്ള നടപടികൾക്കായി എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

(MPM, Malappuram PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P. Manoharan SI, Sri. Sivasankaran ASI, HCs 2568, 2843, 3132, PCs 4605, 4617, WPC 4037

## പിടിച്ചുപറി സംഘത്തെ അറസ്റ്റുചെയ്തു

5-10-2009 തീയതി ഉച്ചയ്ക്ക് 12.45 മണിയോടെ സബ് ട്രഷറിയിൽനിന്നും 1,00,944/- രൂപ മാറിക്കൊണ്ട് ചൊവ്വല്ലൂരിലുള്ള സെന്റ് ജോൺസ് LP സ്ക്കൂളിലേയ്ക്ക് പോവുകയായിരുന്ന ഹെഡ്മിസ്ട്രസ്സ് ഷീലയുടെ കൈയ്യിൽനിന്നും മോട്ടോർ സൈക്കിളിൽ വന്ന മൂന്നുപേർ ചേർന്ന് പണം അപഹരിച്ച് കടന്നുകളഞ്ഞു. ഗുരുവായൂർ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി പ്രതികളായ നൗഷാദിനെ 11-10-2009 തീയതിയിലും മുനീർ, റോബിൻ എന്നിവരെ 18-10-2009 തീയതിയിലും പോലീസ് അറസ്റ്റുചെയ്തു ഇവരുടെ പക്കൽനിന്നും 53,200/- രൂപയും ഇവർ വാങ്ങിയ ഒരു കളർ ടി. വി.യും പോലീസ് പിടിച്ചെടുത്തു.

(Cr. 666/09, TSR, Guruvayoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. S. Abilash CI, Sri. M. Surendran SI, HC 3898, PCs 4763, 4467, 5144

## മോഷ്ടാക്കൾ അറസ്റ്റിൽ

കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കറങ്ങിനടന്നു നിരവധി മോഷണം, പിടിച്ചുപറി, അമ്പലക്കവർച്ച എന്നിവ നടത്തിവന്ന വൻ മോഷണ സംഘത്തിലെ നാലുപേരായ നിയാസ്, രാജേന്ദ്രൻ, സക്കീർ, ഷാജി എന്നിവരെ 20-10-2009 തീയതി രാത്രി കൊല്ലം കസബ ഭാഗത്തുനിന്നും മോഷണം ആസൂത്രണം ചെയ്യുന്നതിനിടയിൽ കൊല്ലം ഈസ്റ്റ് പോലീസ് അറസ്റ്റുചെയ്തു.

(1313/09 to 1316/09, KLM, East PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Gopakumar SI, Sri. Feroz SI, Sri. Sreekumar SI, HC 3681

## 2780 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

22-10-2009 തീയതി പുലർച്ചേ രണ്ടുമണിയോടുകൂടി കായംകുളം പോലീസ് കണ്ടല്ലൂർ ഭാഗത്ത് പട്രോൾ ഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ നിർത്തിയിട്ടിരുന്ന തമിഴ്നാട് രജിസ്ട്രേഷൻ ലോറി വിശദമായി പരിശോധിച്ചതിൽ 35 ലിറ്റർ വീതം കൊള്ളുന്ന 82 കന്നാസുകളിലായി 2780 ലിറ്റർ സ്പിരിറ്റ് ഒളിപ്പിച്ചുവെച്ചനിലയിൽ കാണപ്പെട്ടു.

(Cr. 804/06, ALPY, Kayamkulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri Salim SI, PCs 4893, 5802, 5869

## 2,04,000/-  രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു

മഞ്ചേരി പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 22-10-2009 തീയതി രാവിലെ 7.30 മണിയോടുകൂടി പൂക്കോട്ടൂരിൽ താമസിക്കുന്ന അലിമുഹമ്മദിന്റെ വീട് റെയ്ഡ് ചെയ്ത് അവിടെ സൂക്ഷിച്ചിരുന്ന 2,04,000/- രൂപയുടെ കുഴൽപ്പണം പോലീസ് പിടിച്ചെടുത്തു. മേൽനടപടിയ്ക്കായി എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

(MPM, Manjeri PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ  Sri. Babu Thomas CI, Sri. C. Kunjikannan ASI, Sri. Abdul Majeed ASI, PC 3343, WPC 3933

## 875 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു; 2 പേർ അറസ്റ്റിൽ

ക്വാളീസ് വാഹനത്തിൽ കടത്താൻ ശ്രമിച്ച 875 ലിറ്റർ സ്പിരിറ്റ് 19-10-2009-ന് രാത്രി 9.10 മണിയോടെ മണലി ഭാഗത്തുനിന്നും പാലക്കാട് ടൗൺ നോർത്ത് പോലീസ് പിടികൂടുകയും വാഹനത്തിലുണ്ടായിരുന്ന ബാലഗോപാൽ, സക്കീർ ഹുസൈൻ എന്നിവരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

(Cr. 491/06,  PKD, Town North PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ  Sri  P. V. Ramesh SI, PCs 4024, 4959, 4683

## കൈമോശംവന്ന ബാഗ് കണ്ടെടുത്ത് ഉടമസ്ഥന് തിരിച്ചുനൽകി

18-10-2009 തീയതി ഉച്ചയ്ക്ക് 12.50 മണിയോടുകൂടി ബാംഗ്ലൂർ ഐലന്റ് എക്സ്പ്രസിലെ യാത്രക്കാരനായ സഹദേവൻ 15,000/- രൂപയും, ക്രഡിറ്റ് കാർഡും, ചെക്ക്ബുക്കും അടങ്ങിയ ബ്രീഫ്കെയ്സ് ട്രെയിനിൽ മറന്നുവച്ചശേഷം തിരുവല്ല റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. റെയിൽ അലർട്ട് കൊടുത്ത വിവരത്തിന്റെ അടിസ്ഥാനത്തിൽ MOP പാർട്ടി നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ബാഗ് കണ്ടെത്തി എറണാകുളം റയിൽവേ സ്റ്റേഷനിൽ ഏല്പിക്കുകയും തുടർന്ന് യാത്രക്കാരന് കൈമാറുകയും ചെയ്തു.

(Rail Alert)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ  PC 10448, City AR EKM